(സി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരിൽ പലരും റേഷൻ സാധനങ്ങൾ വാങ്ങാതിരിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) റേഷൻ കടകൾവഴി അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, പി. ഡി. എസ്സ്. ആട്ട എന്നിവ വിതരണം നടത്തുന്നുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾവഴി സിവിൽസപ്ലൈസ് കോർപ്പറേഷനിൽ നിന്നും എടുക്കുന്ന പലവ്യഞ്ജനങ്ങളും, പയർ വർഗ്ഗങ്ങളും വിതരണം നടത്തുന്നുണ്ട്.

(ബി) എ.പി.എൽ. കാർഡ്:

അരി	—	8.90 രൂപ കി.ഗ്രാമിന്
ഗോതമ്പ്	—	6.70 രൂപ കി.ഗ്രാമിന്
മണ്ണെണ്ണ	—	രൂപ 9.50 മുതൽ 9.70 വരെ ലിറ്ററിന്.

ബി.പി.എൽ. കാർഡ്:

അരി	—	6.20 രൂപ കി. ഗ്രാമിന്
ഗോതമ്പ്	—	4.70 രൂപ കി. ഗ്രാമിന്
പഞ്ചസാര	—	13.50 രൂപ കി. ഗ്രാമിന്
മണ്ണെണ്ണ	—	രൂപ 9.50 മുതൽ 9.70 വരെ ലിറ്ററിന്.

അന്നപൂർണ്ണ കാർഡുടമകൾക്ക്:

10 കിലോഗ്രാം അരി പ്രതിമാസം സൗജന്യമായി നൽകുന്നുണ്ട്.

അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയ കാർഡുകൾക്ക്:

പ്രതിമാസം 35 കിലോഗ്രാം അരി 3 രൂപ നിരക്കിൽ നൽകുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, റേഷൻ കടവഴി വിതരണം ചെയ്യുന്ന സാധനങ്ങൾ അതാത് മാസങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്കാണ് വിൽപ്പന നടത്തുന്നത്.

(സി) ഉണ്ട്.

അഗ്രി എക്സ്പോർട്ട് സോൺ

*8 [68] ശ്രീ. ഉമേഷ് ചള്ളിയിൽ:

,, എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു:

,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാർഷികവിളകൾക്ക് മെച്ചപ്പെട്ട വിലനിലവാരം ലഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഗ്രി. എക്സ്പോർട്ട് സോൺ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) അഗ്രി. എക്സ്പോർട്ട് സോണിൽ കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിമുഖേന കർഷകർക്ക് തെരഞ്ഞെടുക്കപ്പെട്ട വിളകൾക്ക് മെച്ചപ്പെട്ട വിലനിലവാരം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഏത്തവാഴ, കൈതച്ചക്ക, തനതുപച്ചക്കറികൾ എന്നീ വിളകൾ ഉൾപ്പെടുത്തിക്കൊണ്ട് കാർഷിക കയറ്റുമതി മേഖലാ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ഔഷധസസ്യങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, പുഷ്പങ്ങൾ എന്നിവയ്ക്കായി മൂന്നു കാർഷിക കയറ്റുമതി മേഖലകൾ സംസ്ഥാനത്ത് രൂപീകരിക്കുവാനായി നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുവാൻ റബ്ബർ, നാളികേരം, നെല്ല്, കാപ്പി, അടയ്ക്ക, കുരുമുളക് എന്നിവയ്ക്ക് വിപണി ഇടപെടൽ പദ്ധതി പ്രകാരവും ഇഞ്ചിക്ക് സെയിൽ ടാക്സ് എക്സംപേഷൻമൂലവും കഴിഞ്ഞിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല. ആലോചിക്കാവുന്നതാണ്.

പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

*9 [69] ശ്രീ. പി. കെ. അബ്ദുറബ്ബ്:

,, പി. കെ. കെ. ബാവ:

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം പച്ചക്കറി ഉപയോഗം എത്രയാണ്;

(ബി) ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുടെ അളവ് എത്ര;

(സി) പച്ചക്കറിയുടെ നിലവിലുള്ള വിലവർദ്ധന കണക്കിലെടുത്ത് പച്ചക്കറി കൂടുതൽ ഉല്പാദിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് ഒരു വർഷം 15.76 ലക്ഷം ടൺ പച്ചക്കറി ഉപയോഗിക്കുന്നതായി കണക്കാക്കിയിരിക്കുന്നു.

(ബി) സംസ്ഥാനത്ത് പ്രതിവർഷം 8.86 ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly